(എൽ) ഉണ്ടായെകിൽ മുൻഉത്തരവ് ഭേദപ്പെടുത്തി ഇങ്ങിനെ ഉത്തരവ് പുറപ്പെടുവിക്കുവാൻ പ്രേരകമായ കാരണങ്ങൾ എന്തു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) ആഗസ്റ്റ് 14-ാംനു പ്രിൻസിപ്പാൾ പുറപ്പെടുവിച്ച ഒരു ഓർഡർപ്രകാരം.

(c) "The unfortunate incidents that occurred on the night of Thursday (14th August 1947) are under investigation by the Police. Pending their result, the two students M. I. Joseph, Class IV Gr-iv-B and T. P. Paul, Class IV Gr-iv-B are suspended from the College until further orders".

ഇതാണ നോട്ടീസ്സിൽ കാരണം പറഞ്ഞിരിക്കുന്നതു്.

(ഡി) ഉവ്വ്.

(ഇ) ഈ ഹർജി പഴ്യാലോചിച്ചതായി കോളേജ് കൌൺസിൽപ്രൊസീഡിങ്ങ്സ്കൊണ്ടു കാണുന്നില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

(ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) ഉത്തരം ആവശ്യമില്ല.

(ഐ) സെപ്തമ്പർ 15-ാംനു.

(ജെ) ഇല്ല.

(കെ) ഇല്ല.

(എൽ) ഉത്തരം ആവശ്യമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I make a suggestion, Sir, that questions Nos. 3, 4, 5, 6, 8 and 9 may be clubbed together?

Mr. P. Govinda Menon *(Prime Minister):* It may be so done, Sir.

POWERS OF THE GOVERNMENT IN THE COLLEGE MATTERS

4. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികളുടെ അച്ചടക്കം, ഭരണം, മുതലായ കാര്യങ്ങൾക്കു പരമാധികാരം പ്രിൻസിപ്പാളിനും കോളേജ്സ്റ്റാഫ് കൌൺസിലിനും മാണൊ ;

(ബി) ഗവൺമെണ്ടു് അവരുടെ തീരുമാനങ്ങളിൽ ഇടപെടാറുണ്ടൊ ;

(സി) കോളേജ് അധികാരികളുടെ തീരുമാനങ്ങൾ അവർ ഗവൺമെണ്ടു് അനുമതി വാങ്ങിയാണൊ നടപ്പിൽ വരുത്തുന്നതു്.

(ഡി) മഹാരാജാസ് കോളേജിൽ ഫൻ ർ ൭ ആഗസ്റ്റ് ഫർ-ം ഫൻ-ം തിയ്യതികളിലുണ്ടായ സംഭവങ്ങൾക്കു ഏതാനുംപേരെ കോളേജിൽനിന്നും പുറത്താക്കിയതും സസ്പെണ്ടു് ചെയ്തതും സംബന്ധിച്ചു് ഗവൺമെണ്ടിന്റെ അംഗീകരണം നേടുക എന്ന രീതി കോളേജ് അധികാരികൾ സ്വീകരിച്ചിരുന്നൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) കോളേജ് വിദ്യാർത്ഥികളുടെ അച്ചടക്കം പ്രിൻസിപ്പാളിന്റെ ചുമതലയിൽപ്പെട്ട ഒരു കാര്യമാണു്.

(ബി) കോളേജിന്റെ അകത്തു വിദ്യാർത്ഥികളുടെ അച്ചടക്കം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവൺമെണ്ടു് സാധാരണ ഇടപെടാറില്ല.

(സി) ഗവൺമെണ്ടു അനുമതിവാങ്ങി നടപ്പിൽ വരുത്തേണ്ട തീരുമാനങ്ങൾ അങ്ങിനെവാങ്ങിയും അല്ലാത്തതു് അങ്ങനെ വാങ്ങാതേയും നടപ്പിൽ വരുത്തും.

(ഡി) ഇല്ല.

DISTURBANCES IN THE MAHARAJA'S COLLEGE—ACTION REGARDING

5. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയുമൊ.—

(എ) മഹാരാജസ് കോളേജിൽ ഒരു പ്രൊഫസറെ ഏതാനുംവിദ്യാർത്ഥികൾ കയ്യേറ്റം ചെയ്കയും പ്രിൻസിപ്പാളിനെ കയ്യേറ്റം ചെയ്വാൻ മുതിരുകയും കോളേജു ലാബറേ

LIBRARY ARCHIVES Kerala Legislative Assembly